# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 8

8.6.2015-ൽ മറുപടി നൽകേണ്ടത്

### വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.ടി.വി.രാജേഷ്<br>ശ്രീ.ആർ. രാജേഷ് | ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിനു കോഴ വാങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്ന മാനേജ് മെന്റുകൾക്കും തട്ടിപ്പ് സംഘങ്ങൾക്കുമെതിരെ നിയമനടപടി കൈക്കൊള്ളാൻ തയ്യാറാകുമോ ; | (ബി) | വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്ന മാനേജ് മെന്റുകൾക്കും തട്ടിപ്പ് സംഘങ്ങൾക്കുമെതിരെ പരാതി ലഭിച്ചാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രവേശനത്തിന് കോഴയും ക്യാപ്പിറ്റേഷൻ ഫീസും വാങ്ങുന്നതിനെ നിയന്ത്രിക്കാനും ഇത്തരക്കാരെ കണ്ടുപിടിച്ച് ശിക്ഷിക്കാനും നിലവിൽ പ്രത്യേക സംവിധാനം ഉണ്ടോ ; വിജിലൻസ് വകുപ്പ് ഈ പ്രശ്നത്തിൽ സ്വമേധയാ നടപടി സ്വീകരിക്കാറുണ്ടോ ; | (സി) | സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ അഡ്മിഷൻ സൂപ്പർ വൈസറി കമ്മിറ്റി, ഫീ റെഗുലേറ്ററി കമ്മിറ്റി എന്നീ കമ്മിറ്റികൾ നിലവിലുണ്ട്. പ്രസ്തുത വിഷയത്തിൽ വിജിലൻസ് വകുപ്പ് സ്വമേധയാ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) | പത്തു കോടിയോളം രൂപയുടെ അഡ്മിഷൻ തട്ടിപ്പ് നടത്തിയ ആദിത്യാ ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ സ്വീകരിച്ച | (ഡി) | പ്രൊഫഷണൽ കോളേജുകളിൽ സീറ്റ് വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ആദിത്യാ |

നടപടികൾ വിശദമാക്കാമോ?

ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ 20 കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. ജയേഷ്. ജെ.ജയകുമാർ എന്ന വ്യക്തിക്കെതിരെയാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. കേസ്സിന്റെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്